I ഇ.ബി. XIV - കേരള നിയമസഭ/XV-2

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 മേയ് 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 385-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 385-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

<u>വി. ജെ. തങ്കപ്പൻ, വി. വിശ്വനാഥമേനോൻ, കടവൂർ ശിവദാസൻ, റോസമ്മ ചാക്കോ എന്നിവരുടെ നിര്യാണം</u>

മുൻ മന്ത്രിമാരായ വി. ജെ. തങ്കപ്പൻ, വി. വിശ്വനാഥമേനോൻ, കടവൂർ ശിവദാസൻ, മുൻ നിയമസഭാംഗം റോസമ്മ ചാക്കോ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## III ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ റ്റി. വി. രാജേഷ്, ചിറ്റയം ഗോപകുമാർ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV അടിയന്തരപ്രമേയം

<u>കിഫ്ബി മസാല ബോണ്ട്</u>

<u>മി. സ്പീക്കർ:</u> കിഫ്ബി ധനസമാഹരണത്തിനായി പുറത്തിറക്കിയ മസാല ബോണ്ട് സംബന്ധിച്ച ദുരൂഹതയും വ്യക്തതയില്ലായ്മയും ഇതിനുനൽകേണ്ട ഉയർന്ന പലിശകാരണം സംസ്ഥാനത്തുണ്ടാകുന്ന കടുത്ത സാമ്പത്തികഭാരവുംമൂലം

ഉളവായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കിഫ്ബി മസാല ബോണ്ട് ഉയർന്ന പലിശയ്ക്ക് വിൽക്കുന്നതുമൂലം സംസ്ഥാനത്തിന് വൻതോതിൽ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് ആരോപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

**V ശ്രദ്ധക്ഷണിക്കൽ**

(1) പ്രളയാനന്തര പുനർനിർമ്മാണം

ശ്രീ. എസ്. ശർമ്മ: 2018 ആഗസ്റ്റ് മാസത്തിലെ പ്രളയംമൂലം ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളും ബുദ്ധിമുട്ടുകളും കാര്യക്ഷമമായി പരിഹരിച്ചുവരികയാണ്. കേരളത്തിന്റെ സ്ഥായിയായ പുനർനിർമ്മാണം ബാഹ്യസഹായം കൂടാതെ സാദ്ധ്യമല്ലെന്നിരിക്കെ ദേശദ്രോഹപരമായ നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

നഷ്ടപരിഹാരത്തിന് യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് അത് സമർപ്പിക്കുന്നതിനും ധനസഹായത്തിന് അർഹതയുണ്ടായിട്ടും ലഭിക്കാത്തവർക്ക് അവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2018 ഓഗസ്റ്റ് മാസമുണ്ടായ പ്രളയം സമസ്ത മേഖലകളിലും പ്രത്യാഘാതങ്ങളുണ്ടാക്കുകയും ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. പ്രളയ സംബന്ധമായി ലഭിച്ച അപ്പീൽ അപേക്ഷകളിന്മേൽ 85,141 എണ്ണം തീർപ്പാക്കുകയും ബാക്കിയുള്ളവ 2019 മേയ് മാസം അവസാനത്തോടെ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ പരാതിരഹിതമായും സത്വരമായും പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് അധികൃതർ, ലൈഫ് മിഷൻ കോ-ഓർഡിനേറ്റർ എന്നിവരുടെ യോഗങ്ങൾ ജില്ലാതലത്തിൽ വിളിച്ചുചേർക്കുകയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗങ്ങളിലൂടെ പുരോഗതി നിരീക്ഷിച്ചുവരികയും ചെയ്യുന്നു. സ്വന്തമായി വീട് നിർമ്മിക്കാൻ സന്നദ്ധത അറിയിച്ച ഗുണഭോക്താക്കൾക്ക് നിർമ്മാണ പൂർത്തീകരണ തോതനുസരിച്ച് ധനസഹായം ഗഡുക്കളായി വിതരണം ചെയ്തുവരുന്നു. 'കെയർ ഹോം' പദ്ധതി പ്രകാരം 937 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രാദേശിക സ്പോൺസർഷിപ്പ് വഴി

1225 വീടുകളുടെ നിർമ്മാണവും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം 245 വീടുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾക്ക് 4 ലക്ഷം രൂപ വീതവും ഭാഗീകമായി തകർന്ന വീടുകൾക്ക് 1163.31 കോടി രൂപയും ദുരിതാശ്വാസ സഹായമായി നൽകിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദമായ കേരള പുനർനിർമ്മാണം സാദ്ധ്യമാക്കുന്നതിനാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. നീതിപൂർവ്വവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, ആസ്തിപരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ സമീപനങ്ങളാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സ്വീകരിച്ചിട്ടുള്ളത്. കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ കളക്ടർമാരുമായി വീഡിയോ കോൺഫറൻസിംഗ് നടത്തി ലഭിച്ച അപ്പീലുകളിൽ സമയബന്ധിതമായി നടപടിയെടുക്കാനും പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്.

## (2) കോന്നി മെഡിക്കൽ കോളേജ്

ശ്രീ. അടൂർ പ്രകാശ്: കോന്നി മെഡിക്കൽ കോളേജിന്റേയും അക്കാദമിക് ബ്ലോക്കിന്റേയും പ്രവൃത്തികൾ പൂർത്തിയായെങ്കിലും കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കോളേജിന്റെ

പ്രവർത്തനമാരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കുന്നതിനും കോളേജിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിയുടേയും അടിയന്തര ഇടപെടലുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. കോന്നി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട പ്രവൃത്തികളിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ 85 ശതമാനവും അക്കാദമിക് ബ്ലോക്കിന്റെ 75 ശതമാനവും പി.ഡബ്ല്യു.ഡി. റോഡിന്റെ 75 ശതമാനവും പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ടമായി റെസിഡന്റ് ക്വാർട്ടേഴ്സ്, ഹോസ്റ്റൽ, കളിസ്ഥലം, ഓഡിറ്റോറിയം എന്നിവ പൂർത്തിയാക്കിയാൽ മാത്രമേ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുകയുള്ളൂ. മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി 90 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം റവന്യൂ വകുപ്പിൽനിന്ന് കെ.എസ്.ഇ.ബി.ക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി 300 കിടക്കകളുള്ള മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും

ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും 50 കുട്ടികൾക്ക് പഠനസൗകര്യം ഏർപ്പെടുത്തി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 351 കോടി രൂപയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. കോന്നി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## VI സബ്മിഷൻ

(1) വിമാന കമ്പനികളുടെ യാത്രാനിരക്ക്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പെരുന്നാൾ സമയത്ത് ഗൾഫിൽനിന്നും നാട്ടിലേയ്ക്ക് വരുന്നവർക്ക് മിതമായ വിമാന യാത്രാനിരക്ക് ഏർപ്പെടുത്തുന്നതിന് കേന്ദ്ര വ്യോമയാന സെക്രട്ടറിയുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ന്യായീകരണമില്ലാത്ത ചൂഷണമാണ് വിമാന യാത്രക്കാരോട് വിമാന കമ്പനികൾ പുലർത്തിവരുന്നത്. യാത്രാനിരക്കിലെ വർദ്ധനവ് സംബന്ധിച്ച് സിവിൽ വ്യോമയാന വകുപ്പുമന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഈ സർക്കാരും മുൻസർക്കാരുകളും ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ

വിഷയം സിവിൽ വ്യോമയാന സെക്രട്ടറിയുമായി വീണ്ടും ചർച്ച ചെയ്യുന്നതാണ്. ഇക്കാര്യത്തിലുള്ള നിയമസഭയുടെ പൊതുവികാരം പ്രമേയമായി കൊണ്ടുവന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(2) സർഫാസി- സിബിൽ നിയമം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സിബിൽ-സർഫാസി കരിനിയമത്തിന്റെ പിടിയിലകപ്പെട്ടവരെ രക്ഷിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. പി. സി. ജോർജ്: 20 ലക്ഷം രൂപയിൽ താഴെയുള്ള ലോണുകൾ സർഫാസി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർഫാസി ആക്ട് 2002 പ്രകാരം ബാങ്കുകൾക്ക് നിഷ്ക്രിയ ആസ്തികൾ തിരിച്ചുപിടിക്കുന്നതിന് സെക്യൂരിറ്റൈസേഷൻ കമ്പനികളെ ചുമതലപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും അഞ്ചുസെന്റിൽ കവിയാത്ത ഭൂമിയും വീടുമുള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെക്കൊണ്ട് അനുകൂല തീരുമാനമെടുപ്പിക്കാൻ സാധ്യമായ എല്ലാ മാർഗ്ഗവും സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തുണ്ടായ പ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പൊതുമേഖല-വാണിജ്യ-സഹകരണ ബാങ്കുകളിൽനിന്നും കർഷകരെടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം ബാധകമാക്കിക്കൊണ്ടും മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്. പരാമർശ വിഷയത്തിന്മേലുള്ള പരാതികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാപൂർണ്ണമായ സമീപനം സ്വീകരിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന ബാങ്ക് അധികാരികളെ സർക്കാർ പ്രേരിപ്പിക്കുന്നതാണ്.

(3) <u>വേങ്ങര പോലീസ് സ്റ്റേഷന് കെട്ടിടം</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മലപ്പുറം ജില്ലയിലെ വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേങ്ങര വില്ലേജിൽ

മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 25 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ഭൂമി കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്കും ഭൂമി വിട്ടുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്

ശ്രീ. വി. കെ. സി. മമ്മത് കോയ: കേരള സർക്കാരിന്റെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെയും സംയുക്ത സംരംഭമായ സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡിനെ അടച്ചുപൂട്ടലിൽ നിന്നും രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സ്റ്റീൽ കമ്പികൾ നിർമ്മിച്ച് മാർക്കറ്റ് ചെയ്തുവന്നിരുന്ന സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡിൽ മാർക്കറ്റിംഗ് ദുർബ്ബലപ്പെടുകയും ഉല്പാദനം സ്തംഭിക്കുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംയുക്തയോഗം വിളിച്ച് ടി.എം.ടി. കമ്പികളുടെ 30 ശതമാനം

പൊതുമരാമത്ത് വകുപ്പ് സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡിൽ നിന്നും വാങ്ങണമെന്നും രണ്ടുവർഷത്തേയ്ക്ക് പ്രൈസ് പ്രിഫറൻസ് കൊടുക്കണമെന്നും തീരുമാനിക്കുകയുണ്ടായി. ടെണ്ടർ നോട്ടീസിൽ പ്രസ്തുത വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ മാത്രമേ പൊതുമരാമത്ത് വകുപ്പിന് ടി.എം.ടി. കമ്പി വാങ്ങാൻ സാധിക്കുകയുള്ളൂ. ടെണ്ടർ ചെയ്യുമ്പോൾ ബ്രാന്റഡ് ഐറ്റംസ് പ്രിഫർ ചെയ്യുന്നതിനോ ടി.എം.ടി. കമ്പി വാങ്ങണമെന്ന് നിഷ്കർഷിക്കുന്നതിനോ നിയമപരമായി വ്യവസ്ഥയില്ലാത്തതിനാൽ ഉല്പാദിപ്പിച്ച കമ്പികൾ മാർക്കറ്റ് ചെയ്യാൻ സാധിക്കാതെ കെട്ടിക്കിടക്കുകയാണ്. കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഏഴ് കോടിയോളം രൂപ അടിയന്തരമായി കണ്ടെത്തേണ്ടതുണ്ട്. കമ്പനിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

## (5) ഡിപ്പോ നിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ഡിസൈന് മുനിസിപ്പാലിറ്റിയുടെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. അടിയന്തരമായി ഉന്നതതലയോഗം വിളിച്ച് പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (6) കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ബി. ഡി. ദേവസ്സി: അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബൽ കോളനി നിവാസികളുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും മറ്റു കോളനികളിലെ ഭൂരഹിതരായ ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലുണ്ടായ കാലവർഷക്കെടുതിയിൽ ആനക്കയം പട്ടികവർഗ്ഗ സങ്കേതത്തിനടുത്തുണ്ടായ ഉരുൾപ്പൊട്ടലിനെ തുടർന്ന് അവിടെ താമസിച്ചിരുന്നവരെ താല്ക്കാലികമായി മാറ്റിപ്പാർപ്പിച്ചിരുന്നു. അതിരപ്പിള്ളി മേഖലയിലെ വനാന്തർഭാഗത്ത് താമസിക്കുന്ന കാടർ വിഭാഗത്തെ മറ്റു സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലാത്തതിനാൽ താമസസ്ഥലത്തോട് ചേർന്ന് കൂടുതൽ ഭൂമി

ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുകയാണ്. ആദിവാസികളുടെ ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

## (7) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം

ശ്രീ. എം. ഉമ്മർ: മഞ്ചേരി മെഡിക്കൽ കോളേജിനെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനും മൂക്കിന് പകരം ഹെർണിയ ശസ്ത്രക്രിയയ്ക്ക് വിധേയനായ ഏഴുവയസ്സുകാരന് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും ഫാക്കൽറ്റി ഒഴിവുകൾ പുതിയ നിയമനം വഴിയും ഡെപ്യൂട്ടേഷൻ വഴിയും നികത്തിയുമാണ് എം.സി.ഐ. അംഗീകാരത്തിന് ശ്രമിച്ചത്. അത്യന്താധുനിക രീതിയിൽ ഒരു ലൈബ്രറി നവീകരിക്കുകയും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുകയും കോളേജിന്റെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. അഞ്ചു കൊല്ലം തുടർച്ചയായി മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടുന്നതിനുള്ള നടപടികളും ഏകദേശം പൂർത്തിയാക്കി. റെസിഡൻഷ്യൽ സൗകര്യം ഒരുക്കുന്നതിനുവേണ്ടി അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും

പെൺകുട്ടികൾക്കും ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സൂപ്പർ സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തമാക്കുകയും പുതിയ കാത്ത്‌ലാബ് അനുവദിക്കുകയും ന്യൂറോളജി വിഭാഗത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കീമോ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു കുട്ടിക്ക് മൂക്കിന് പകരം വയറിൽ ഓപ്പറേഷൻ നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഡോക്ടറെ സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിന് ഉത്തരവിടുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (8) എ.പി.എൽ.-ബി.പി.എൽ. ലിസ്റ്റ്

ശ്രീ. എം. രാജഗോപാലൻ: റേഷൻ വിതരണത്തിലെ എ.പി.എൽ.-ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച സങ്കീർണ്ണത പരിഹരിക്കാനും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ-മുൻഗണനേതര വിഭാഗങ്ങളെ

കണ്ടുപിടിക്കുകയും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ലഭിച്ചിട്ടുള്ള റേഷൻ കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 'ആശ്രയ' പദ്ധതിയിൽപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരെ പട്ടികയിൽ നിന്നും ഒഴിവാക്കാനും നടപടി സ്വീകരിച്ചുവരുന്നു. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും അനർഹമായി കൈപ്പറ്റിയ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തവരെയും മാരകരോഗം പിടിപെട്ടവരെയും എ.എ.വൈ. മുൻഗണനാ മാനദണ്ഡങ്ങളിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) <u>വനംവകുപ്പ് ഉദ്യോഗസ്ഥരുടെ മർദ്ദനം</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: കണയങ്കവയലിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച സംഭവത്തിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷന്റെ അധികാര പരിധിയിൽ കാട്ടുപോത്തിനെ വേട്ടയാടിയതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തി 10 പ്രതികളെ അറസ്റ്റ് ചെയ്യുകയും 3 നാടൻതോക്കുകൾ ഒരു ജീപ്പ്, ഒരു ഓട്ടോറിക്ഷ എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കണയങ്കവയൽ പ്രദേശത്ത് വന്യമൃഗവേട്ട കണ്ടെത്തിയതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടരന്വേഷണം പുരോഗമിച്ചുവരികയുമാണ്. പ്രസ്തുത കേസിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗവേട്ട സംബന്ധിച്ച് നിയമാനുസൃതമായ നടപടികളാണ് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സർക്കാരിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനംവകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) സ്ഥിര അദ്ധ്യാപക നിയമനം

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ സർവ്വകലാശാലയിൽ സ്ഥിരം അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കണ്ണൂർ സർവ്വകലാശാലയിൽ ഏറ്റവുമൊടുവിൽ സംജാതമായ റിട്ടയർമെന്റ് വേക്കൻസി ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥിരം അദ്ധ്യാപക തസ്തികകളിലേയ്ക്ക് ഉടൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. 31.12.2015-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിനെതിരെ ഹൈക്കോടതിയിൽ

നിലനിന്നിരുന്ന കേസിൽ തീർപ്പുകൽപ്പിച്ച സാഹചര്യത്തിൽ എല്ലാ സർവ്വകലാശാലകളിലും ഒഴിവുള്ള തസ്തികകളിലേയ്ക്ക് പുനർവിജ്ഞാപനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപ് എല്ലാ സർവ്വകലാശാലകളിലും അദ്ധ്യാപക തസ്തികകളിലെ നിയമനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(11) പ്ലസ് ടു പരീക്ഷയുടെ മാർക്ക് ചേർക്കുന്നതിനുള്ള തീയതി നീട്ടിനൽകൽ

ശ്രീ. പി. ടി. തോമസ്: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ പ്ലസ് ടു റിസൾട്ട് പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ എഞ്ചിനീയറിംഗ് എൻട്രൻസ് മാർക്കിനോടൊപ്പം പ്ലസ് ടു പരീക്ഷയുടെ മാർക്ക് ചേർക്കുന്നതിനുള്ള തീയതി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ പരീക്ഷ എഴുതിയവരിൽ 25 പേർ മാത്രമാണ് എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ക്വാളിഫൈ ചെയ്തത്. ഇവരുടെ മാർക്ക് കോൺഫിഡൻഷ്യലായി നൽകണമെന്നാവശ്യപ്പെട്ട് സ്കൂളിന് കത്തയച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഈ കുട്ടികളെ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിലും ആദ്യ അലോട്ട്മെന്റിനുമുമ്പ് അവരെ ഉൾപ്പെടുത്തി യോഗ്യതയുള്ളവർക്ക് പ്രവേശനം നൽകുന്നതിനാണ് ശ്രമിക്കുന്നത്.

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## IX പ്രമേയം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 മേയ് 28-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)

2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## X അടിയന്തരപ്രമേയ ചർച്ച

### കിഫ്ബി മസാല ബോണ്ട്

ശ്രീ. കെ. എസ്. ശബരീനാഥൻ: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സഭാനടപടികൾ നിർത്തിവച്ച് അടിയന്തരപ്രമേയം ചർച്ച ചെയ്യാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കിഫ്ബി ധനസമാഹരണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള മസാല ബോണ്ടുകളുടെ കാര്യത്തിൽ ദുരൂഹതയും അവ്യക്തതയും നിലനിൽക്കുകയാണ്. എത്ര ശതമാനം മസാല ബോണ്ടുകൾ സി.ഡി.പി.ക്യൂ. വാങ്ങിയെന്നും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി എത്ര ശതമാനം ഇടപാട് നടത്തിയെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം. കിഫ്ബിയുടെ ഭാഗമായി ഡിസൈൻ ചെയ്യുന്ന പ്രോജക്ടുകളുടെ റേറ്റിംഗിലും പലിശയിനത്തിലും ദുരൂഹത നിലനിൽക്കുകയാണ്. മസാല ബോണ്ടിന് ഉയർന്ന പലിശ നൽകേണ്ടിവരുന്നതിലൂടെ സംസ്ഥാനത്തിന് വൻ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുകയും സർക്കാർ ഗ്യാരണ്ടി നൽകിയതിലൂടെ ഭരണഘടനാ ലംഘനം നടത്തിയിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ തെറ്റായ കണക്കുകൾ കൊടുത്തതിനെക്കുറിച്ചും കിഫ്ബിയുമായി ബന്ധപ്പെട്ട്

നടത്തിയ കാര്യങ്ങൾ സംബന്ധിച്ചുമുള്ള രേഖകൾ ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. എ. എൻ. ഷംസീർ: കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഡയാലിസിസ് യൂണിറ്റുകൾ, കാത്ത്ലാബുകൾ എന്നിവയുൾപ്പെടെ നിരവധി പ്രോജക്ടുകൾ കിഫ്ബിയിലൂടെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. പെട്രോൾ സെസിൽനിന്ന് ഒരു രൂപയും മോട്ടോർ വാഹന സെസിന്റെ പകുതിയും ചേർത്ത് മസാല ബോണ്ടിന്റെ തിരിച്ചടവ് നടത്താൻ സാധിക്കും. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ 50,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിക്കും. മസാല ബോണ്ട് വഴി കിഫ്ബി പദ്ധതികളിലൂടെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ രാഷ്ട്രീയഭേദമെന്യേ നിയമസഭാ സാമാജികർ യോജിച്ച് പ്രവർത്തിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇതുവരെ ലിസ്റ്റ് ചെയ്യപ്പെട്ട ഏറ്റവും ഉയർന്ന പലിശ നിരക്കായ 9.723 ശതമാനത്തിന് മസാല ബോണ്ടുകൾ വിറ്റഴിച്ചത് സംസ്ഥാനത്തിന് വമ്പിച്ച സാമ്പത്തിക ബാധ്യതയാണുണ്ടാക്കുന്നത്. ഇതുസംബന്ധിച്ച് പൊതുവായ നയം രൂപീകരിക്കാൻ

സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കിഫ്ബി ധനസമാഹരണത്തിനായി പുറത്തിറക്കിയ മസാല ബോണ്ടുകൾ വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ച കമ്പനികൾ ഏതൊക്കെയാണെന്നും അവരാവശ്യപ്പെട്ട പലിശനിരക്ക് എത്രയാണെന്നും വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. പി. സി. ജോർജ്: സംസ്ഥാനത്ത് വളരെയേറെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള കടത്തിനുപുറമെ അഞ്ച് വർഷംകൊണ്ട് 3195 കോടിയോളം രൂപ തിരിച്ചടവ് വരുന്ന മസാല ബോണ്ട് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ആഘാതമാണ് സൃഷ്ടിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ തുക ബഡ്ജറ്റിൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് കിഫ്ബി എന്ന സംവിധാനത്തെക്കുറിച്ച് ആലോചിച്ചത്. വികസനത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാകണം. വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും മാർഗ്ഗങ്ങളുണ്ടെങ്കിൽ പ്രതിപക്ഷത്തിന് നിർദ്ദേശിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം

ചെയ്യുന്നതിന് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: വികസനകാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതും ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറായതും സ്വാഗതാർഹമാണ്. മസാല ബോണ്ടിന്റെ പലിശ നിരക്കിന്റെയും റേറ്റിംഗിന്റെയും കാര്യത്തിൽ നിലനിൽക്കുന്ന സംശയങ്ങളും ദുരൂഹതകളും പരിഹരിച്ച് തെറ്റ് തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിൽത്തന്നെ ആകർഷകമായ വിധത്തിൽ ബോണ്ട് പുറപ്പെടുവിച്ചുകൊണ്ട് ഈ പദ്ധതി സംസ്ഥാനത്തിന്റെ നന്മയുതകുന്ന തരത്തിൽ പുനരാവിഷ്കരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണം.

ഡോ. എം. കെ. മുനീർ: അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ തയ്യാറായ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. മികച്ച റേറ്റിംഗുള്ള കമ്പനി വഴി ധനസമാഹരണത്തിന് ശ്രമിച്ചിരുന്നുവെങ്കിൽ കുറഞ്ഞ പലിശ നിരക്കിൽ പണം ലഭ്യമാകുമായിരുന്നു. പ്രതിവർഷം വലിയ തുക പലിശയിനത്തിൽ നൽകേണ്ടിവരുമെന്നതിനാൽ ആദായകരമായ മറ്റ് മാർഗ്ഗങ്ങൾ സർക്കാർ അവലംബിക്കേണ്ടിയിരുന്നു. മസാല ബോണ്ടുകൾ ഏറ്റെടുത്ത സി.ഡി.പി.ക്യു. എന്ന കമ്പനിയുടെ ക്രെഡിബിലിറ്റി സംബന്ധിച്ച് സംശയങ്ങൾ നിലനിൽക്കുകയാണ്. കിഫ്ബിയുടെ ധനാഗമമാർഗ്ഗങ്ങൾ ഏത് സാമ്പത്തിക വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് വ്യക്തമാക്കണം.

<u>ശ്രീ. എം. സ്വരാജ്</u>: അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്ത നടപടിയെ അനുമോദിക്കുന്നു. ഈ സർക്കാർ വിദേശ നിക്ഷേപങ്ങൾക്കെതിരല്ല. റോഡുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി സ്വകാര്യ നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പെട്രോളിന് സെസ്സ് ഏർപ്പെടുത്തുകയും മോട്ടോർ വാഹന നികുതിയുടെ വിഹിതം നൽകുകയുംവഴി മസാല ബോണ്ടിന്റെ തിരിച്ചടവ് സാധിക്കുന്നതാണ്. കിഫ്ബി അംഗീകാരം നൽകിയ പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. കനേഡിയൻ ഗവൺമെന്റിന്റെ പെൻഷൻ ഫണ്ടായ സി.ഡി.പി.ക്യു. മസാല ബോണ്ടിൽ നിക്ഷേപം നടത്തിയത് കേരളത്തിന് അഭിമാനമാണ്. മസാല ബോണ്ടുകൾ എസ്.എൻ.സി. ലാവ്ലിൻ കമ്പനിയിൽ ഷെയറുള്ള സി.ഡി.പി.ക്യു. എന്ന കമ്പനിക്ക് നൽകിയതിൽ ദുരൂഹതയുണ്ടെന്നും ഈ ബോണ്ടുകൾക്ക് ഉയർന്ന പലിശ നൽകേണ്ടി വരുന്നുവെന്നുമുള്ള പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഇന്ത്യയിലെ വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നടപടികളുടെ ഭാഗമായ മസാല ബോണ്ടിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ അപചയമാണ്. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മസാല

ബോണ്ടുകൾ വിൽപ്പന നടത്തി ജനങ്ങളെ കടബാധ്യതയിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥ കേരള ജനതയെ അറിയിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. മസാല ബോണ്ടിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിച്ച് നടപ്പാക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമാക്കണം. എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയിൽ ഷെയറുള്ള സി.ഡി.പി.ക്യൂ. എന്ന കമ്പനിക്ക് ഉയർന്ന പലിശ നൽകേണ്ടി വരുന്നത് സംബന്ധിച്ചുള്ള ദുരൂഹത അവസാനിപ്പിക്കണം. ലാവ്‌ലിൻ കമ്പനിയുടെയും സി.ഡി.പി.ക്യൂ.വിന്റെയും ഉദ്യോഗസ്ഥർ കേരളത്തിൽവന്ന് ചർച്ച നടത്തിയതിന്റെ വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. വ്യക്തമായ ധാരണയില്ലാതെ വൻപലിശയ്ക്ക് മസാല ബോണ്ട് മുഖേന സംസ്ഥാനത്തെ പണയപ്പെടുത്തിയത് ദുരൂഹത ഉളവാക്കുന്നതാണ്. വാഹനനികുതി, ഇന്ധന നികുതി എന്നിവയിലൂടെ സ്വരൂപിക്കുന്ന തുക ചെലവഴിക്കുന്ന കാര്യത്തിൽ കൃത്യതയും സംസ്ഥാനത്തിന്റെ ഇൻവെസ്റ്റ്മെന്റ് ഇടപാടുകളിൽ സുതാര്യതയുമുണ്ടാകണം. കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ളതും ലാവ്‌ലിൻ കമ്പനിയുടെ 20 ശതമാനം ഓഹരിയുള്ളതുമായ സി.ഡി.പി.ക്യൂ.-വുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. വികസന കാര്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽനിന്നും കുറഞ്ഞ പലിശയ്ക്ക് പണം ലഭ്യമാക്കാതെ കൊള്ളപ്പലിശയ്ക്ക് കേരളത്തെ പണയപ്പെടുത്തുന്നത് ആശാസ്യമല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേരളം ഇന്ന് സാമ്പത്തികമാന്ദ്യം അഭിമുഖീകരിക്കുകയാണ്. ധനഉത്തരവാദിത്വ നിയമത്തിന്റെ പശ്ചാത്തലത്തിൽ വായ്പയെടുക്കാൻ സാധിക്കാത്തതിനാൽ ബഡ്ജറ്റിന് പുറത്ത് കിഫ്ബിയെന്ന ധനകാര്യ സ്ഥാപനം മുഖേന ഇൻവെസ്റ്റ്മെന്റ് നടത്തുകയാണ് സർക്കാർ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ സി.ഡി.പി.ക്യൂ. നിക്ഷേപം നടത്തിയിട്ടുണ്ട്. മസാല ബോണ്ട് സ്വകാര്യവത്കരണത്തിന് തുടക്കം കുറിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. മസാല ബോണ്ടിലൂടെ സമാഹരിക്കുന്ന ഫണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളുൾപ്പെടെ പശ്ചാത്തല സൗകര്യ വികസനത്തിന് വിനിയോഗിക്കാനാണുദ്ദേശിക്കുന്നത്. സർക്കാർ എടുക്കുന്ന 50,000 കോടി രൂപയുടെ വായ്പ തിരിച്ചടയ്ക്കുന്നതിന് മോട്ടോർ വാഹനനികുതിയുടെ നിശ്ചിത ശതമാനവും പെട്രോളിന്മേൽ ഏർപ്പെടുത്തിയിരുന്ന ഒരു ശതമാനം സെസും കിഫ്ബിക്ക് ഗ്രാന്റായി നൽകാൻ സഭ തീരുമാനിച്ചതിനെതിരെ പ്രതിപക്ഷം ഇപ്പോഴുന്നയിക്കുന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. മസാല ബോണ്ടുകളിന്മേൽ നൽകേണ്ടിവരുന്ന 9.723 ശതമാനം താഴ്ന്ന പലിശയാണെന്ന അവകാശവാദം സർക്കാർ ഉന്നയിക്കുന്നില്ല. മൾട്ടിലാറ്ററൽ ഏജൻസികളിൽ നിന്നെടുക്കുന്ന പാസ് ത്രൂ വായ്പകളിന്മേലുള്ള

പലിശനിരക്ക് പല ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കപ്പെടുന്നത്. ആർ.ബി.ഐ. നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ അംഗീകാരമുള്ള ആർക്കും മസാല ബോണ്ടിൽ നിക്ഷേപിക്കാവുന്നതാണ്.

## XI നിയമനിർമ്മാണകാര്യം

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## XII ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. പി. സജീന്ദ്രൻ: 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം

ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പ്രകാരം പ്രവേശന മേൽനോട്ട സമിതി, ഫീസ് നിയന്ത്രണ സമിതി എന്നീ സമിതികൾക്ക് ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജിമാരെ പ്രത്യേകം അദ്ധ്യക്ഷൻമാരായി നിയമിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. പ്രവേശനവും ഫീസ് നിർണ്ണയവും നിയന്ത്രണവും സമിതിയുടെ ചെയർപേഴ്സൺ സുപ്രീംകോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ഒരു ജഡ്ജിയായിരിക്കണമെന്നായിരുന്നു ഒറിജിനൽ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നത്. 02-11-2017-ൽ രണ്ട് പ്രത്യേക സമിതികൾ രൂപീകരിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. രണ്ട് ചെയർപേഴ്സൺമാരെ നിയമിക്കുമ്പോൾ അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ സഞ്ചിതനിധിയിൽ നിന്ന് തുക ചെലവാകുമെന്ന കാര്യം മറച്ചുവച്ചുള്ള ധനകാര്യ മെമ്മോറാണ്ടം നിയമസഭാ ചട്ടത്തിന്റെ ലംഘനമായതിനാൽ അത് തിരുത്തുന്നതിന് റൂളിംഗ് നൽകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 02-11-2017-ലെ ഹൈക്കോടതി വിധി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രണ്ട് സമിതികൾ രൂപീകരിക്കുന്നതിനാണ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത

മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിനായി സമിതി അദ്ധ്യക്ഷൻമാരായി നിശ്ചയിച്ചിരിക്കുന്നത് ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജിമാരെയാണ്. 2006-ലെ ആക്ട് അനുസരിച്ചുള്ള രണ്ട് സമിതികളുടേയും അദ്ധ്യക്ഷൻ ഒരാളായിരുന്നതിനാൽ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട വിഷയങ്ങളിൽ നീതിയുക്തമായി തീരുമാനമെടുക്കുന്നതിന് ഒരേ ജഡ്ജിതന്നെ രണ്ട് സമിതികളിലേയും അദ്ധ്യക്ഷനാകുന്നതാണ് അഭികാമ്യമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**റൂളിംഗ്**

മി.സ്പീക്കർ: ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്നും മാതൃനിയമം ഭേദഗതി ചെയ്യുമ്പോൾ രണ്ട് സമിതികൾ രൂപീകരിക്കേണ്ടി വരുമെന്നും അത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നുമുള്ള ക്രമപ്രശ്നത്തിന്മേൽ ഭേദഗതിയിലൂടെ രൂപീകരിക്കപ്പെടുന്ന രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാരായി ഒരേ ജഡ്ജിയെത്തന്നെ നിയമിക്കുമെന്നാണ് സർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ യുക്തിയുണ്ടെന്നും സർക്കാർ വിശദീകരണം തൃപ്തികരമല്ലെന്നും ചെയർ മനസ്സിലാക്കുന്നു. ഭേദഗതി ബില്ലിൽ രണ്ട് സമിതികളും രണ്ട് ചെയർമാൻമാരും ഉണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. രണ്ട് സമിതികളുടേയും ചെയർപേഴ്സൺമാർ ഒരാളായിരിക്കുമെന്ന വ്യവസ്ഥ

ബില്ലിലില്ലാതിരിക്കുന്ന സാഹചര്യത്തിൽ രണ്ട് സമിതികളുടെയും പ്രവർത്തന ചെലവിനാവശ്യമായ തുക വകയിരുത്തേണ്ടി വരുമെന്നാണ് വിലയിരുത്തുന്നത്. അതിനാൽ ക്രമപ്രശ്നത്തിലുന്നയിച്ച കാര്യം സർക്കാർ പരിശോധനാ വിധേയമാക്കേണ്ടതാണെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ അന്തിമമായി പാസ്സാക്കുന്ന തീയതിക്ക് മുമ്പായി സഭയിൽ ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീമതി ഇ. എസ്. ബിജിമോൾ: 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്. പൊതു ആരോഗ്യ നയത്തിന്റെ മാതൃകയിൽ മെഡിക്കൽ വിദ്യാഭ്യാസ നയം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഓട്ടോണമസായി നൽകുന്ന ബിരുദ കോഴ്സുകൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കരസ്ഥമാക്കുന്ന ബിരുദ കോഴ്സുകൾക്ക് തത്തുല്യമായ പരീക്ഷ എഴുതേണ്ട സാഹചര്യം ഒഴിവാക്കണം. കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം. ബില്ലിലെ മാറ്റങ്ങൾ നടപ്പാക്കുമ്പോൾ ബി.പി.എൽ., എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം. മേൽനോട്ട സമിതി നിർണ്ണയിച്ച് നൽകുന്ന ഫീസ് ഘടനയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികളിൽ നിന്നും അധിക ഫീസ് ഈടാക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടിയെടുക്കാനുള്ള അധികാരം നിരീക്ഷണ സമിതിക്ക് നൽകണം. മൈനോറിറ്റി വിഭാഗത്തിലെ കുട്ടികളുടെ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടാതിരിക്കുന്നതിനും സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ച് പ്രവേശനം ഉറപ്പുവരുത്തുന്നതിനും

നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബിൽ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരായതിനാൽ ചർച്ച ചെയ്യുന്നതിൽ യാതൊരു പ്രസക്തിയുമില്ല. ബിൽ അവതരിപ്പിക്കുമ്പോൾ വീഴ്ച വന്നാൽ നിലവിലുള്ള ചട്ടമനുസരിച്ച് ബിൽ പിൻവലിച്ച് തെറ്റ് തിരുത്തുകയാണ് സർക്കാർ ചെയ്യേണ്ടത്. ബിൽ അവതരണത്തിൽ ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവേശനം നിയന്ത്രിക്കലും ഫീസ് നിയന്ത്രിക്കലും തികച്ചും വ്യത്യസ്തങ്ങളായ കാര്യങ്ങളായതിനാൽ നിലവിലുള്ള പത്തംഗ സമിതിക്കുപകരം രണ്ട് സമിതികളാക്കി അവയ്ക്ക് പ്രത്യേക അധികാരം കൊടുക്കണമെന്ന് 2017-ൽ ഹൈക്കോടതി വിധി വന്നിരുന്നുവെങ്കിലും അതിന്മേൽ ഒരു ഓർഡിനൻസുപോലും കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ രണ്ട് കമ്മിറ്റികളുടേയും അദ്ധ്യക്ഷൻ ഒരാളാണെന്നു പറഞ്ഞിരിക്കുന്നത് നിയമസഭയേയും ഹൈക്കോടതിയേയും പരിഹസിക്കുന്നതിന് തുല്യമാണ്. വളരെ ലാഘവത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ

ഗവൺമെന്റിന്റെ അലംഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ബില്ലിന്മേൽ വിശദമായ ചർച്ച നടത്താവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. സ്വകാര്യ/സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അഡ്മിഷനിലും മറ്റുമുണ്ടായിരുന്ന ചൂഷണം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്. മികച്ച രീതിയിൽ അലോട്ട്മെന്റും അഡ്മിഷനും നടത്താനും ക്യാപിറ്റേഷൻ ഫീ പൂർണ്ണമായും ഒഴിവാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതിയ നിയമനിർമ്മാണം വരുമ്പോൾ മെച്ചപ്പെട്ട പ്രവർത്തനം ഈ മേഖലയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.

****